**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2656** **04-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യിൽ ക്യാഷ്യർ / സീനിയർ അസിസ്റ്റന്റിന്റെ റിലീവിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2024 ജനുവരിക്ക് ശേഷം കെ.എസ്.ഇ.ബിയിൽ 250 ഓളം ക്യാഷ്യർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പ്രമോഷൻ/ട്രാൻസ്ഫർ ഉത്തരവ് ലഭിച്ചിട്ടും ക്യാഷ്യർ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരെ റിലീവ് ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; ക്യാഷ്യർമാരുടെ അഭാവത്തിൽ സബ്സ്റ്റിറ്റ്യൂട്ട് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കാതെ ക്യാഷ്യർ ട്രെയിനിമാരുടെ ലഭ്യത അനുസരിച്ച് ഉദ്യോഗസ്ഥരെ റിലീവ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സെക്ഷനുകളിൽ നിന്നും എത്ര പേരെയാണ് റിലീവ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2024 ജനുവരിക്ക് ശേഷം പ്രൊമോഷൻ/ ട്രാൻസ്ഫർ ഓർഡർ ലഭിച്ചിട്ടും ക്യാഷ്യർമാരെ റിലീവ് ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ട്. ക്യാഷ്യർ ചുമതല നിർവ്വഹിക്കാൻ പകരം ആളെ ലഭിക്കാത്തതിനാലാണ് റിലീവ് ചെയ്യാത്തത്. ക്യാഷ്യർമാരുടെ അഭാവത്തിൽ സബ്സ്റ്റിറ്റ്യൂട്ട് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കാതെ ക്യാഷ്യർ ട്രെയിനിമാരുടെ ലഭ്യത അനുസരിച്ച് ഉദ്യോഗസ്ഥരെ റിലീവ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>താനാളൂർ സെക്ഷനിൽ ക്യാഷ്യറായി ജോലി ചെയ്തിരുന്ന ശ്രീമതി സുമയെ പ്രസ്തുത സെക്ഷനിൽ നിന്നും കെടാകുളം സെക്ഷനിലേക്ക് 23.10.2024-ന് സ്ത്രീ എന്ന പരിഗണനയിൽ റിലീവ് ചെയ്തിട്ടുണ്ട് .<br><br>പുറത്തൂർ സെക്ഷനിലെ ക്യാഷ്യർ ട്രെയിനിയായിരുന്ന ശ്രീ.അബ്ദുൽ സലാം 09.07.2024-ന് മരണപ്പെട്ടതിനാൽ തിരൂർ (വെസ്റ്റ് ) സെക്ഷനിൽ ക്യാഷ്യറായി ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥനെ പ്രസ്തുത സെക്ഷനിലേക്ക് വർക്കിംഗ് അറേഞ്ച് മെന്റിൽ മാറ്റുകയും കൂടാതെ തിരൂർ (വെസ്റ്റ് ) സെക്ഷനിലെ ഒഴിവിലേക്ക് കട്ടങ്ങാട്ടുകുണ്ട് സെക്ഷനിലെ ക്യാഷ്യർ ട്രെയിനിയെയും വർക്കിംഗ് അറേഞ്ച്മെന്റിൽ മാറ്റി നിയമിച്ചിട്ടുണ്ട് .<br><br>ഫറൂക്ക്, നരിക്കുനി, എരഞ്ഞിക്കൽ, നടക്കാവ്, സെക്ഷനുകളിലെ ക്യാഷ്യർമാരെ ക്യാഷ്യർ ട്രെയിനിമാരുടെ ലഭ്യതക്കനുസരിച്ച് റിലീവ് ചെയ്തിട്ടുണ്ട്.<br><br>മറ്റ് കാര്യാലയങ്ങളിൽ നിന്നുമുള്ള വിവരങ്ങൾ ശേഖരിച്ചത് പ്രകാരം സീനിയോറിറ്റി പരിഗണിക്കാതെ |

| | | | |
|---|---|---|---|
| | | | മറ്റൊരു സെക്ഷനിലും ക്യാഷ്യർ തസ്തികയിലുള്ള ജീവനക്കാരെ റിലീവ് ചെയ്തിട്ടില്ല. |
| (ബി) | സബ്സ്റ്റിറ്റ്യൂട്ട് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ സീനിയോറിറ്റി നോക്കാതെ ക്യാഷ്യർ ട്രെയിനിമാരുടെ ലഭ്യത അനുസരിച്ച് നിരവധി പേരെ റിലീവ് ചെയ്തിട്ടുണ്ടെങ്കിലും തിരൂർ ഇലക്ട്രിക്കൽ സർക്കിളിൽ നിന്നും 23/01/2025-ലെ 300/ഇ.ബി 1/18/2024-25/3118 നമ്പർ ഉത്തരവ് പ്രകാരം തിരൂരങ്ങാടി ഡിവിഷനിലെ ഒതുക്കുങ്ങൽ സെക്ഷനിൽ മുമ്പ് ക്യാഷ്യർ ട്രെയിനിയായി ജോലിചെയ്ത ശ്രീമതി മുഹസിന ടി.യെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടും 30/07/2024ൽ സ്ഥലമാറ്റ ഉത്തരവ് ലഭിച്ച തിരൂർ സർക്കിളിനു കീഴിലുള്ള പുത്തനത്താണി സെക്ഷനിലെ ക്യാഷ്യറായ ശ്രീ. രജനീഷ് രാജിനെ റിലീവ് ചെയ്യാത്തതിന്റെ കാരണം അറിയിക്കാമോ; | (ബി) | തിരൂരങ്ങാടി ഡിവിഷന് കീഴിലുള്ള ഒതുക്കുങ്കൽ സെക്ഷനിൽ ക്യാഷ്യർ ട്രെയിനിയായി ജോലി ചെയ്തിരുന്ന ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. മുഹസിന ടി, പുത്തനത്താണി സെക്ഷനിൽ ക്യാഷ്യർ ട്രെയിനിയായി വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷിച്ചിരുന്നു. ഈ അപേക്ഷ പരിഗണിച്ച് മേൽ ജീവനക്കാരിയെ ക്യാഷ്യർ ട്രെയിനിയായി നിയമിച്ച് 23.01.2025-ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഈ സെക്ഷനിൽ ടിയാൾ ജോയിൻ ചെയ്യുമ്പോൾ വിടുതൽ ചെയ്യേണ്ട ക്യാഷ്യറായ ശ്രീ.രജനീഷ് രാജിനേക്കാൾ സ്റ്റേഷൻ സീനിയോറിറ്റി ഉള്ളതും തുടർച്ചയായി രണ്ട് വർഷമായി ട്രാൻസ്ഫർ ലഭിച്ചിട്ടും സ്വദേശത്തേക്ക് പോകാൻ കഴിയാത്തതുമായ ക്യാഷ്യർമാർ നിലവിലുണ്ടെന്നും മുൻഗണനാക്രമം മറികടന്ന് ശ്രീ.രജനീഷ് രാജിനെ റിലീവ് ചെയ്യരുതെന്നും കാണിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിലെ തൊഴിലാളികളുടെ അംഗീകൃത സംഘടന പരാതി നൽകിയിട്ടുള്ളതാണ്. വിവരം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.രജനീഷ് രാജ് സീനിയോറിറ്റിയിൽ നാലാമതായാണ് വരുന്നതെന്ന് കണ്ടെത്തിയതിനെ തുടർന്ന് മേൽ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. |
| (സി) | നിയമപരമായ തടസ്സങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ രജനീഷ് രാജിനെ ഉടൻ റിലീവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പുത്തനത്താണി ഇലക്ട്രിക്കൽ സെക്ഷനിലേക്ക് പകരം ക്യാഷ്യറെ ലഭിക്കുന്ന മുറയ്ക്ക് ശ്രീ.രജനീഷ് രാജിനെ റിലീവ് ചെയ്യുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ